# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4979** **11-08-2021 - ൽ മറുപടിയ്ക്ക്**

## കോവിഡ് വാക്സിനേഷൻ സ്പോട്ട് രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇന്റർനെറ്റ് കണക്ടിവിറ്റിയും മൊബൈൽ കവറേജും ഇല്ലാത്ത/കുറവായ സ്ഥലങ്ങളിൽ ജനങ്ങൾക്ക് വാക്സിനേഷന് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള എല്ലാ അധികാരവും കൊവിഡ് വാക്സിനേഷനുള്ള ജില്ലാ ടാസ്ക് ഫോഴ്സിന് നൽകിയിട്ടുണ്ട് സ്മാർട്ട് ഫോൺ/ ഇന്റർനെറ്റ് ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു. ഇതിന് വേണ്ടി സംസ്ഥാനം "വേവ് - വാക്സിൻ ഇക്വിറ്റിക്ക് വേണ്ടി പ്രവർത്തിക്കുക" എന്ന കാമ്പെയ്നും ആരംഭിച്ചിട്ടുണ്ട്. അത്തരം ഗുണഭോക്താക്കളെ അണി നിരത്തുന്നതിന് ആശാ പ്രവർത്തകരുടെയും എൽഎസ്ജിഡി ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. ആശാ വർക്കർമാരുടെ സേവനം ഉപയോഗിച്ചാണ് ഈ ക്യാമ്പയിൻ നടത്തി വരുന്നത്. ആശാവർക്കർമാരാണ് വാർഡ് തലത്തിൽ രജിസ്ട്രേഷൻ കോവിൻ പോർട്ടലിൽ നടത്തുന്നത്. രജിസ്ട്രേഷൻ വീടുകളിൽ ചെന്നും പൊതുവായ സ്ഥലത്ത് വച്ചും നടത്തുന്നു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്. |
| (ബി) | ഇത്തരം പ്രദേശങ്ങളിൽ പൂർണ്ണമായും സ്പോട്ട് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ അനുവാദം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള എല്ലാ അധികാരവും കൊവിഡ് വാക്സിനേഷനുള്ള ജില്ലാ ടാസ്ക് ഫോഴ്സിന് നൽകിയിട്ടുണ്ട് സ്മാർട്ട് ഫോൺ/ ഇന്റർനെറ്റ് ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു. ഇതിന് വേണ്ടി സംസ്ഥാനം "വേവ് - വാക്സിൻ ഇക്വിറ്റിക്ക് വേണ്ടി പ്രവർത്തിക്കുക" എന്ന കാമ്പെയ്നും ആരംഭിച്ചിട്ടുണ്ട്. അത്തരം ഗുണഭോക്താക്കളെ അണി നിരത്തുന്നതിന് ആശാ പ്രവർത്തകരുടെയും എൽഎസ്ജിഡി |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. ആശാ വർക്കർമാരുടെ സേവനം ഉപയോഗിച്ചാണ് ഈ ക്യാമ്പയിൻ നടത്തി വരുന്നത്. ആശാവർക്കർമാരാണ് വാർഡ് തലത്തിൽ രജിസ്ട്രേഷൻ കോവിൻ പോർട്ടലിൽ നടത്തുന്നത്. രജിസ്ട്രേഷൻ വീടുകളിൽ ചെന്നും പൊതുവായ സ്ഥലത്ത് വച്ചും നടത്തുന്നു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ